DESPATCHED
On...22/05/2020



24/02/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No.1610(4)/2012**/*എസ്.ഐ.സി.*
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നം.10160/*എസ്.ഐ.സി–ജി 2/2012*)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ജോണി ജോസഫ്,
അമ്പാട്ട്,
ഇടുക്കി കോളനി പി.ഒ,
താന്നിക്കണ്ടം, ഇടുക്കി ജില്ല. — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി തഹസീൽദാർ (എച്ച്.ക്യു),
താലൂക്ക് ഓഫീസ്, തൊടുപുഴ.
2. അപ്പീൽ അധികാരി &
തഹസീൽദാർ,
താലൂക്ക് ഓഫീസ്, തൊടുപുഴ.

— എതിർകക്ഷികൾ

ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 09.05.2012 ൽ ഒന്നാം എതിർ കക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ, ടിയാന്റെ പിതാവ് പട്ടയം ലഭിക്കുന്നതിന് അപേക്ഷിച്ചിരുന്ന ഫയൽ നമ്പർ സി3 23556/11 ന്റെ പകർപ്പ് ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് പരാതി. ഫയൽ പരിശോധിക്കാൻ മാത്രമേ ഒന്നാം എതിർകക്ഷി അനു

വദിച്ചുള്ളുവെന്നും, അതിനെ തുടർന്ന് ഒന്നാം അപ്പീലധികാരിക്ക് അപ്പീൽ നൽകുകയും, അപ്പീലിനു ലഭിച്ച മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ട ഫയലിൽ എത്ര പേജുണ്ടെന്നോ, എത്ര രൂപ അടക്കണമെന്നോ എന്നുള്ള വിവരങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്നും അപ്പീലിൽ പറയുന്നു.

2. അപ്പീൽ ഹർജിയിന്മേൽ, കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം എതിർകക്ഷികൾ 10.09.2012 ൽ കമ്മീഷന് റിപ്പോർട്ട് നൽകി. റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു.

"ശൗര്യാർ ജോസഫ്, അമ്പാട്ടിന്റെ പട്ടയ നടപടിയിൽ താലൂക്ക് സർവെയറുടെ 31.01.2012 ലെ LRM 1-16/12 നമ്പർ റിപ്പോർട്ടിന്റെ കോപ്പിയും, സ്ഥലത്തിന്റെ സർവെ പ്ലാൻ കോപ്പിയും, ഫയൽ പരിശോധിക്കാനുള്ള അനുവാദവും നൽകാനും, ടി ഫയലിലെ 2011-12 വർഷത്തെ എല്ലാ രേഖകളുടെയും കോപ്പിയും നേരിട്ട് കൈപ്പറ്റിക്കൊള്ളാമെന്ന് കാണിച്ച് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും, ടിയാന് ഫയൽ പരിശോധിക്കുന്നതിന് 28.05.2012 ൽ മറുപടി നൽകിയിരുന്നുവെന്നും, എന്നാൽ ടിയാൻ ഓഫീസിൽ ഹാജരായി ഫയൽ പരിശോധിക്കുകയോ, പകർപ്പുകൾ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ലെന്നും റിപ്പോർട്ടിൽ പറഞ്ഞു.

3. ഇതിനുശേഷമാണ് ടിയാൻ ഒന്നാം അപ്പീൽ അധികാരിക്ക് അപ്പീൽ നൽകിയത്. ടി അപ്പീലിൽ തീർപ്പ് കൽപ്പിച്ച് 23.06.2012 ൽ ഫയൽ പരിശോധിക്കാനുള്ള അനുമതിയും, നേരിട്ട് പകർപ്പുകൾ കൈപ്പറ്റിക്കൊള്ളാം എന്നറിയിച്ചതിനാൽ, നിയമാനുസൃത ഫീസടച്ച് പകർപ്പുകൾ കൈപ്പറ്റാനുമുള്ള നിർദേശം ടിയാന് നൽകിയിരുന്നതുമാണ്. എന്നാൽ ടിയാൻ അതിനു തയ്യാറായില്ല. ടിയാൻ ഈ

ഓഫീസിലെ G1-5926/12 നമ്പർ ഫയലിൽ, ഈ ഓഫീസിൽ നിന്നും ആവശ്യപ്പെടാതെ തന്നെ പ്ലാൻ പകർപ്പിനായി പ്ലാൻ ഫീസും വാറ്റും ഇനത്തിൽ 338 രൂപ 03.04.2012 ൽ തൊടുപുഴ സബ് ട്രഷറി യിൽ ചെലാൻ നമ്പർ 3031 പ്രകാരം ഒടുക്കു വരുത്തിയിരുന്നു. ഇതിൽ നിന്നും പ്ലാൻ ഫീസും, വാറ്റും എത്രയെന്ന് അപേക്ഷകന് അറിയാമെന്ന് വ്യക്തമാണ്."

4. അപ്പീൽ ഹർജിക്കാരൻ കമ്മീഷനു സമർപ്പിച്ച അപ്പീലിന്റെ അടിസ്ഥാനത്തിൽ ടിയാന് സി3-23556/11 നമ്പർ ഫയൽ നിയമാനു സൃതം പരിശോധിക്കുന്നതിനുള്ള അനുമതിയും, ടി ഫയലിന്റെ 91 പേജുകളുടെ പകർപ്പിന് 182 രൂപയും, സർവെ സ്കെച്ചിന് (1 എണ്ണം) 300 രൂപയും, വാറ്റ് ഇനത്തിൽ 38 രൂപയും ആയി 338 രൂപ ഉൾപ്പെടെ ആകെ 520 രൂപ നിയമാനുസൃത ഫീസടച്ച് കൈപ്പറ്റുന്ന തിനുള്ള നിർദ്ദേശവും നൽകിയിട്ടുള്ളതായി രണ്ടാം എതിർകക്ഷി കമ്മീഷനു നൽകിയ റിപ്പോർട്ടിൽ പറയുന്നുണ്ട്.

5. എതിർകക്ഷികളുടെ റിപ്പോർട്ടും, അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. എതിർകക്ഷികൾ നിയമം അനുശാസിക്കും വിധമല്ല മറുപടി നൽകിയതെന്ന് കമ്മീഷൻ നിരീ ക്ഷിക്കുന്നു. വിവരാവകാശ നിയമപ്രകാരം നൽകുന്ന അപേക്ഷയ നുസരിച്ച് പകർപ്പ് ലഭ്യമാക്കാൻ നിയമാനുസൃത പ്ലാൻ ഫീസ്, വാറ്റ് എന്നിവയൊക്കെ അടയ്ക്കണമെന്ന് ഒന്നാം അപ്പീലധികാരി 23.06.2012 ൽ മറുപടി നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് ടിയാൻ തന്നെ വിശദീകരിക്കേണ്ടതുണ്ട്. വിവരാവകാശ നിയമ ത്തിന്റെ ഏതു വകുപ്പിലാണ് 'നിയമാനുസൃത പ്ലാൻ ഫീസ്, വാറ്റ്'

എന്നിവയെപ്പറ്റി പറഞ്ഞിട്ടുള്ളതെന്ന കാര്യം വിശദീകരിക്കാനും ടിയാനു മാത്രമാണ് ബാധ്യയുള്ളത്.

6. 'ഓഫീസിൽ നിന്ന് ആവശ്യപ്പെടാതെ തന്നെ അപ്പീൽ ഹർജിക്കാരൻ പ്ലാൻ പകർപ്പിനായി പ്ലാൻ ഫീസും വാറ്റും ഇനത്തിൽ 338 രൂപ അടച്ചുവെന്നും, അതുകൊണ്ട് പ്ലാൻ ഫീസും, വാറ്റും എത്രയെന്ന് അപേക്ഷകന് അറിയാമെന്ന് വ്യക്തമാണ്' എന്നുമുള്ള രണ്ടാം എതിർകക്ഷിയുടെ അനുമാനം, നേരത്തെ വിവരാവകാശ നിയമം ദുർവ്യാഖ്യാനം ചെയ്തു നൽകിയ മറുപടിക്കുള്ള ന്യായീകരണമാകുന്നില്ല.

7. കമ്മീഷനു നൽകിയ അപ്പീലിനു ശേഷം, അപ്പീൽ ഹർജിക്കാരനോട് നിയമാനുസൃത ഫീസ് അടച്ച് പകർപ്പുകൾ കൈപ്പറ്റാവുന്നതാണെന്ന് നിർദ്ദേശിച്ച രണ്ടാം എതിർകക്ഷി അബന്ധമോ, വിവരാവകാശ നിയമത്തെപ്പറ്റിയുള്ള അറിവില്ലായ്മയോ ആവർത്തിച്ചിരിക്കുകയാണ്. ഇത് കമ്മീഷൻ ഗൗരവത്തോടെ കാണുകയാണ്.

8. അപ്പീൽ ഹർജിക്കാരൻ അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനുള്ളിൽ ലഭ്യമാക്കുന്ന പകർപ്പുകൾക്കു മാത്രമേ നിയമാനുസൃതമുള്ള (എ4 സൈസിലുള്ള പേജ് ഒന്നിന് 2 രൂപ) ഫീസ് ഈടാക്കാൻ കഴിയൂ. അപേക്ഷിച്ചതിനുശേഷം, ഒന്നാം അപ്പീൽ തീർപ്പിലോ, രണ്ടാം അപ്പീൽ തീർപ്പിലോ പകർപ്പുകൾ ലഭ്യമാക്കുകയാണെങ്കിൽ, ആയത് പൂർണ്ണമായും സൗജന്യമായി ലഭിക്കാൻ അപേക്ഷകന് അവകാശമുണ്ട്.

9. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ കമ്മീഷൻ താഴെ പറയുംപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഈ ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും രേഖകളും ടിയാന് പൂർണമായും നൽകേണ്ടതും, വിവരം കമ്മീഷനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

2. വിവരാവകാശ നിയമം ദുർവ്യാഖ്യാനം ചെയ്ത് കൃത്യമായി മറുപടി നൽകാതിരുന്നത് എന്തുകൊണ്ട് എന്നതിനുള്ള വിശദീകരണം പരാമർശിത കാലയളവിലെ എതിർകക്ഷകൾ കമ്മീഷന് പരമാവധി ഒരുമാസത്തിനുള്ളിൽ നൽകേണ്ടതാണ്. ടി കക്ഷികളുടെ വിശദീകരണം കമ്മീഷന് വാങ്ങി നൽകേണ്ട ചുമതല നിലവിലെ എസ്.പി.ഐ.ഒ യ്ക്കാണ് എന്നും കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

10. മേല്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 24.02.2020 ന് താത്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

കെ.വി. സുധാകരൻ,
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

re